"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം-ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീമതി. ദിവ്യ ജാസ്മിൻ.എം.ജി ക്ക് ശൂന്യവേതനാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി(എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.258/2021/വനം — തീയതി, തിരുവനന്തപുരം, 25/08/2021.

പരാമർശം:- ഭരണ വിഭാഗം ഉപമുഖ്യ വനപാലകന്റെ 23.10.2020, 16.12.2020, 25.03.2021 തീയതികളിലെ ഇ7-6138/2020 നമ്പർ കത്തും അനുബന്ധവും.

<u>ഉത്തരവ്</u>

തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷന് കീഴിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കുന്ന ശ്രീമതി.ദിവ്യാ ജാസ്മിൻ എം.ജി.-ക്ക്, ഇൻഫെർട്ടിലിറ്റി ട്രീറ്റ്മെന്റ് നടത്തുന്നതിന്റെ ഭാഗമായി, 08.09.2019 മുതൽ 06.09.2020 വരെയുള്ള കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽശൂന്യവേതനാവധി അനുവദിക്കുന്നതിനായി , ടിയാരി സമർപ്പിച്ച അവധി അപേക്ഷ, പരാമർശിത കത്ത് പ്രകാരം, ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ സർക്കാരിന് ലഭ്യമാക്കിയിരുന്നു.

2) 4/06/1994 ലെ സർക്കുലർ നം. 36/94/ ധനം പ്രകാരം, മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിക്ക് അപേക്ഷിക്കുന്നവർ നിർദിഷ്ട മാതൃകയിലുള്ള അവധി അപേക്ഷ, നിർദിഷ്ട മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം കൃത്യസമയത്ത് സമർപ്പിക്കേണ്ടതാണ്. എന്നാൽ ശ്രീമതി.ദിവ്യാ ജാസ്മിൻ എം.ജി നിർദിഷ്ട മാതൃകയിലുള്ള അവധി അപേക്ഷ, നിർദിഷ്ട മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം യഥാസമയം ലഭ്യമാക്കിയിരുന്നില്ല. ശ്രീമതി. ദിവ്യ ജാസ്മിൻ.എം.ജി ക്ക് മൂന്നു വർഷത്തെ തുടർച്ചയായ സേവനത്തിന്റെ അഭാവത്തിൽ, കെ . എസ് . ആർ . ഭാഗം I, ചട്ടം 88 (ii) പ്രകാരം, പരമാവധി മൂന്നു മാസത്തെ ശൂന്യവേതനാവധിയ്ക്കേ അർഹതയുള്ളൂ.

3). മേൽ സാഹചര്യത്തിൽ, തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷന് കീഴിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കുന്ന ശ്രീമതി.ദിവ്യാ ജാസ്മിൻ എം.ജി.-ക്ക്, ഇൻഫെർട്ടിലിറ്റി ട്രീറ്റ്മെന്റ് നടത്തുന്നതിന്റെ ഭാഗമായി, 08.09.2019 മുതൽ 06.09.2020 വരെയുള്ള കാലയളവ്, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്കു പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ., ഭാഗം I, ചട്ടം 88 (ii)-ൽ ഇളവ് വരുത്തി, മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലല്ലാതെയുള്ള ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Sajeevan M K

അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം ഉപ മുഖ്യ വനപാലകൻ,തിരുവനന്തപുരം(സേവനപുസ്തകം സഹിതം).

ശ്രീമതി.ദിവ്യാ ജാസ്മിൻ എം.ജി, (ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ & ഇ),കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

ധനകാര്യ വകുപ്പ്(28.07.2021 തീയതിയിലെ 1748952/Agri-A1/88/2021/Fin പ്രകാരം).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Noushad S
Date: 31-08-2021 12:32:36
Reason: Approved

സെക്ഷൻ ഓഫീസർ.